# എൻ എസ് എസ് ഹൈസ്ക്കൂൾ വേങ്ങശ്ശേരി

# തൂലിക

ലക്കം 3 - 2024 ആഗസ്റ്റ്

## മൗന പ്രാർത്ഥന

വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള ആദരസൂചകമായി വിദ്യാർത്ഥികൾ മെഴുകുതിരി കത്തിയ്ക്കുകയും മൗന പ്രാർത്ഥന നടത്തുകയും ചെയ്തു



https://www.facebook.com/100092948275392/videos/861053688807225/

## ഹിരോഷിമ ദിനാചരണം

ഹിരോഷിമ ദിനത്തിൽ സാമൂഹ്യ ശാസ്ത്ര ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസംഗം, പോസ്റ്റർ നിർമ്മാണം, കൊളാഷ് നിർമ്മാണം, സ്കിറ്റ് ,സഡാക്കോ കൊക്ക നിർമ്മാണം തുടങ്ങിയ പരിപാടികൾ നടത്തി. ഹെഡ്മാസ്റ്റർ ശ്രീ എം.ശശികുമാർ, സീനിയർ അസിസ്റ്റന്റ് ശ്രീമതി കെ.കെ രത്നകുമാരി, സ്റ്റാഫ് സെക്രട്ടറി ശ്രീ കെ.അജിത് തമ്പാൻ ,ആര്യ പ്രകാശ് (10 A) വർഷ പി (10 A), ശിവാനി (8A), ഹർഷ (8A), സഞ്ജീവ് (8A) എന്നിവർ പ്രസംഗിച്ചു






## ക്വിറ്റ് ഇന്ത്യാ ദിനാചരണം

സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ക്വിറ്റ് ഇന്ത്യാ ദിനാചരണത്തിന്റെ ഭാഗമായി സ്കൂളിൽ പ്രത്യേക അസംബ്ലി നടത്തി.'ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ചരിത്രപ്രാധാന്യം 'എന്ന വിഷയത്തെക്കുറിച്ച് കുട്ടികൾ പ്രസംഗിച്ചു.ക്വിറ്റ് ഇന്ത്യാ സമരത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുകയും, ഗാന്ധിജിയുടെ ചിത്രം തയ്യാറാക്കി പ്രദർശിപ്പിക്കുകയും പതിപ്പ് തയ്യാറാക്കുകയും ചെയ്തു.

## സ്വദേശ് മെഗാ ക്വിസ്

കെ പി എസ് ടി എ യുടെ നേതൃത്വത്തിലുള്ള സ്വദേശ് മെഗാ ക്വിസ് മത്സരത്തിൽ വർഷ പി (10 എ )ഒന്നാം സ്ഥാനവും ആര്യാ പ്രകാശ് .കെ (10 എ )രണ്ടാം സ്ഥാനവും സഞ്ജീവ് ടി .എസ് (8 എ )മൂന്നാം സ്ഥാനവും കരസ്ഥമാക്കി .

## പ്രസംഗിച്ചു

**ലോക യുവജന ദിനത്തോടനുബന്ധിച്ച് ഹർഷ പി ( 8A) പ്രസംഗിച്ചു**



## ഉപജില്ലാ സ്വദേശ് മെഗാ ക്വിസ്

KPSTA യുടെ ഒറ്റപ്പാലം ഉപജില്ലാ തല സ്വദേശ് മെഗാ ക്വിസ് പരിപാടിയിൽ നാലാം സ്ഥാനം നേടിയ പി.വർഷ (10 A) ഹെഡ്മാസ്റ്റർ ശ്രീ.എം ശശികുമാറിൽ നിന്ന് സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നു.



കെ പി എസ് ടി എ  സദേശ് മെഗാ ക്വിസ് ഒറ്റപ്പാലം സബ്ബ് ജില്ലാ തല മത്സരത്തിൽ പങ്കെടുത്ത ആര്യാ പ്രകാശ് .കെ (10 എ )ഹെഡ് മാസ്റ്റർ എം .ശശികുമാറിൽ നിന്ന് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

## ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു

മയക്കമരുന്ന് ഉപഭോഗം കുറയ്ക്കുന്നതിനുള്ള സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് 'നഷാ മുക്ത് ഭാരത് അഭിയാൻ' (NMBA) പദ്ധതിയുടെ



ബോധവൽക്കരണത്തിൻ്റെ ഭാഗമായി കുട്ടികൾ അസംബ്ലിയിൽ ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു.

കഥ

## രാമായണം ക്വിസ് നടത്തി



**വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ രാമായണം ക്വിസ് നടത്തി. ശ്രീമതി കെ.കെ രത്നകുമാരി, ശ്രീമതി വി.വിദ്യ എന്നിവർ നേതൃത്വം നൽകി.**

**സ്വാതന്ത്ര്യദിനാഘോഷം**

**സ്കൂളിൽ സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഹെഡ്മാസ്റ്റർ ശ്രീ. എം.ശശികുമാർ ദേശീയ പതാക ഉയർത്തി. സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ പി ടി എ പ്രസിഡൻ്റ് ശ്രീമതി ഷിജി.കെ ഉദ്ഘാടനം ചെയ്തു.ശ്രീമതി ശ്രീജ.കെ, ശ്രീമതി രാജി.എം എന്നിവർ ആശംസകൾ നേർന്നു, ശ്രീ അജിത് തമ്പാൻ സ്വാഗതം പറഞ്ഞു. കെ ,ആര്യ പ്രകാശ്.കെ (10 A), ഹർഷ പി (8A), സഞ്ജീവ് ടി.എസ് (8A), അശ്വതി പി.പി (10 A), ജിഷ്ണ.കെ (9A), വർഷ.പി (10 A) എന്നിവർ പ്രസംഗിച്ചു.ദേശഭക്തിഗാനം, ദേശഭക്തി നൃത്തം, പതിപ്പ്, പോസ്റ്റർ പ്രദർശനം, ഗ്രീറ്റിങ്ങ് കാർഡ് നിർമ്മാണം, ദേശീയപതാക നിർമ്മാണം, ഡിജിറ്റൽ പതിപ്പ് അവതരണം ദേശീയ ഗാനം തുടങ്ങിയ വിവിധ പരിപാടികൾ നടത്തി.മധുര പലഹാരം വിതരണം ചെയ്തു. വേങ്ങശ്ശേരി വിന്നേഴ്സ് ക്ലബ്ബിൻ്റെആഭിമുഖ്യത്തിൽ ലഡു വിതരണം ചെയ്തു**

.https://www.facebook.com/100092948275392/videos/2683817315113815/

**ദേശീയ കായികദിനാചരണം**

**സ്കൂളിൽ** ദേശീയ കായിക ദിനം ആചരിച്ചു. ഹെഡ്മാസ്റ്റർ ശ്രീ എം.ശശികുമാർ ഉദ്ഘാടനം ചെയ്തു.സ്റ്റാഫ് സെക്രട്ടറി ശ്രീ കെ.അജിത് തമ്പാൻ ,പി.ഹർഷ (8A)എന്നിവർ പ്രസംഗിച്ചു.



## കോഴിമുട്ട

ഹർഷ .പി

അമ്മേ ഇന്നെനിയ്ക്ക് പാലുമാത്രം മതി .
കോഴിമുട്ട വേണ്ട

അതെന്താടാ ഇന്ന് പതിവിലൊരു വ്യത്യാസം ?

അമ്മ സംശയത്തോടെ ചോദിച്ചു .
ഈ കോഴിമുട്ട കാണുമ്പോൾ ഇന്നലെ അമ്മയെ കാണിക്കാതെ വെച്ച കണക്ക് പരീക്ഷ പേപ്പറിലുണ്ടല്ലോ കോഴിമുട്ട ...

അവൻ അമ്മ കേൾക്കാതെ പറഞ്ഞു .

## മനുഷ്യന്റെ ക്രൂരത .....

ലേഖനം

ആര്യ.എം (8 എ )

വനനശീകരണം ,കുന്നിടിക്കൽ അശാസ്ത്രീയ കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയ മനുഷ്യന്റെ പ്രവർത്തനങ്ങൾ മൂലം മണ്ണിന് ശോഷണം സംഭവിക്കുന്നു .പ്രകൃതിയിൽ ജൈവപരമായ ജീർണ്ണന പ്രക്രിയക്ക് വിധേയമാകാത്ത പ്ലാസ്റ്റിക് പോലുള്ളവ മണ്ണിന്റെ മലിനീകരണത്തിന് കാരണമാകുന്നു.മണ്ണിന്റെ ഘടനയെത്തന്നെ മാറ്റിമറിക്കുന്ന അമിത രാസവള പ്രയോഗങ്ങൾ ,അശാസ്ത്രീയമായ നിർമ്മാണം ,ഖനന പ്രവർത്തനങ്ങൾ,കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്,വൻതോതിൽ മണ്ണിലേക്ക് മലിനജലം ഒഴുക്കുന്നത് തുടങ്ങിയ മനുഷ്യന്റെ ഒരുപാട് പ്രവർത്തനങ്ങൾ പ്രകൃതിക്ക് ദോഷം വരുത്തുന്നു.മരങ്ങളുടെ വേരുകൾ മണ്ണിനെ സംരക്ഷിച്ചു നിർത്തുന്നു.ഈ മരങ്ങളെ വെട്ടിനശിപ്പിച്ച് പരിസ്ഥിതി സവിശേഷതകൾ കണക്കിലെടുക്കാതെ കടുംകൃഷി നടത്തി മനുഷ്യൻ മണ്ണിനെ ഇഞ്ചിഞ്ചായി കൊല്ലുന്നു .

https://online.fliphtml5.com/atgzn/wpcu/#p=1

## 'പലമ' സ്കൂൾ കലോത്സവം

വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിലെ സ്കൂൾ കലോത്സവം 'പലമ' -യുടെ ഉദ്ഘാടനം പൂർവ്വ വിദ്യാർത്ഥിയും നബാർഡ് റിട്ടയേർഡ് ജനറൽ മാനേജരുമായ ഡോ.ടി.വിലാസ ചന്ദ്രൻ നിർവ്വഹിച്ചു.'തൂലിക' ഡിജിറ്റൽ മാഗസിൻ 2024 ജൂലൈ ലക്കം റിട്ടയേർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി കെ. ഉഷ പ്രകാശനം ചെയ്തു. ഹെഡ്മാസ്റ്റർ ശ്രീ.എം.ശശികുമാർ സ്വാഗതം പറഞ്ഞു. വേങ്ങശ്ശേരി സൗഹൃദ കൂട്ടായ്മ പ്രസിഡൻ്റ് ശ്രീ ടി.വിജയനുണ്ണി, എം പി ടി എ ശ്രീമതി എൻ.സുജിത, സ്കൂൾ ലീഡർ മാസ്റ്റർ കെ.വിഅഭിനവ് കൃഷ്ണ എന്നിവർ ആശംസകൾ നേർന്നു. സ്റ്റാഫ് സെക്രട്ടറി ശ്രീകെ.അജിത് തമ്പാൻ നന്ദി രേഖപ്പെടുത്തി.








പത്രവാർത്തകൾ

# ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു

**വേങ്ങശ്ശേരി:** എൻ എസ് എസ് ഹൈസ്കൂളിൽമയക്കമരുന്ന് ഉപഭോഗം കുറയ്ക്കുന്നതിനുള്ള സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് 'നാഷാ മുക്ത് ഭാരത് അഭിയാൻ' പദ്ധതിയുടെ ബോധവൽക്കരണത്തിൻ്റെ ഭാഗമായി കുട്ടികൾ അസംബ്ലിയിൽ ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു. ഹെഡ്മാസ്റ്റർ എം ശശികുമാർ, കെ അജിത് തമ്പാൻ, പി. വർഷ എന്നിവർ സംസാരിച്ചു.

ജനയുഗം (13.08.24)

**എൻഎസ്എസ് ഹൈസ്കൂൾ**
വേങ്ങശ്ശേരി: പ്രധാനാധ്യാപകൻ എം. ശശികുമാർ പതാക ഉയർത്തി. പിടിഎ പ്രസിഡന്റ് കെ. ഷിജി ഉദ്ഘാടനം ചെയ്തു. കെ. ശ്രീജ, എം. രാജി, അജിത് തമ്പാൻ, കെ. ആര്യ പ്രകാശ്, പി. ഹർഷ, ടി.എസ്. സഞ്ജീവ്, പി.പി. അശ്വതി, കെ. ജിഷ്ണ, പി. വർഷ സംസാരിച്ചു. ദേശഭക്തിഗാനം, ദേശഭക്തി നൃത്തം, പതിപ്പ്, പോസ്റ്റർ പ്രദർശനം, ഗ്രീറ്റിങ് കാർഡ്-ദേശീയപതാക നിർമാണം, ഡിജിറ്റൽ പതിപ്പ് അവതരണം, ദേശീയ ഗാനം എന്നിവ ഉണ്ടായിരുന്നു.

**ജന്മഭൂമി(17.08.24)**

**എൻഎസ്എസ് ഹൈസ്കൂൾ**
വേങ്ങശ്ശേരി: പ്രധാനാധ്യാപകൻ എം. ശശികുമാർ പതാക ഉയർത്തി. പിടിഎ പ്രസിഡന്റ് കെ. ഷിജി ഉദ്ഘാടനം ചെയ്തു. കെ. ശ്രീജ, എം. രാജി, അജിത് തമ്പാൻ, കെ. ആര്യ പ്രകാശ്, പി. ഹർഷ, ടി.എസ്. സഞ്ജീവ്, പി.പി. അശ്വതി, കെ. ജിഷ്ണ, പി. വർഷ സംസാരിച്ചു. ദേശഭക്തിഗാനം, ദേശഭക്തി നൃത്തം, പതിപ്പ്, പോസ്റ്റർ പ്രദർശനം, ഗ്രീറ്റിങ് കാർഡ്-ദേശീയപതാക നിർമാണം, ഡിജിറ്റൽ പതിപ്പ് അവതരണം, ദേശീയ ഗാനം എന്നിവ ഉണ്ടായിരുന്നു.

**ജന്മഭൂമി (18.08.24)**

പത്രവാർത്തകൾ



**വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്കൂളിൽ വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള ആദരസൂചകമായി വിദ്യാർത്ഥികൾ മെഴുകതിരി കത്തിച്ച് മൗനാചരണം നടത്തുന്നു**

02 ജനയുഗം 2024 ഓഗസ്റ്റ് 07 ബുധൻ PKD

# ലഹരിവിരുദ്ധ പ്രതിജ്ഞ

**വേങ്ങശ്ശേരി:** മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി എൻഎസ്എസ് ഹൈസ്കൂളിൽ ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. പ്രധാനാധ്യാപകൻ എം. ശശികുമാർ, കെ. അജിത് തമ്പാൻ, പി. വർഷ സംസാരിച്ചു.

# രാമായണം ക്വിസ്

**വേങ്ങശ്ശേരി:** എൻഎസ്എസ് ഹൈസ്കൂളിൽ നടന്ന രാമായണം ക്വിസിൽ കെ. ആര്യപ്രകാശ്, പി.ബി. ശിവാനി, അഞ്ജന കൃഷ്ണ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി.

**ജന്മഭൂമി(14.08.24)**

ജന്മഭൂമി (23.08.24)



# സ്കൂൾ കലോത്സവം ഇന്ന്

ഒറ്റപ്പാലം: വേങ്ങശ്ശേരി എൻ എസ്എസ് ഹൈസ്കൂളിലെ സ്കൂൾ കലോത്സവം ഇന്ന് രാവിലെ 9ന് നബാർഡ് റിട്ട: ജനറൽ മാനേജർ ഡോ. ടി. വിലാസ ചന്ദ്രൻ ഉദ്ഘാടനം ചെയ്യും. എൻഎസ്എസ് ഒറ്റ പ്പാലം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം. മോഹനൻ മുഖ്യാതിഥിയാകും.

മലയാള മനോരമ (24.08.24)



# 'പലമ' സ്കൂൾ കലോത്സവം നടത്തി

വേങ്ങശ്ശേരി● എൻഎസ്എസ് ഹൈസ്കൂളിൽ 'പലമ' സ്കൂൾ കലോത്സവം നടത്തി. നബാർഡ് റിട്ട. ജനറൽ മാനേജർ ഡോ. ടി. വിലാസചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് കെ. ഷിജി അധ്യക്ഷത വഹിച്ചു. എൻ എസ്എസ് ഒറ്റപ്പാലം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം.മോഹനൻ മുഖ്യാതിഥിയായി. ഡിജിറ്റൽ പത്രം പ്രകാശനം നബാർഡ് റിട്ട. ഡപ്യൂട്ടി ജനറൽ മാനേജർ കെ.ഉഷ നിർവഹിച്ചു. ടി.വിജയനുണ്ണി, എൻ.സുജിത, കെ.കെ.രത്നകുമാരി, കെ.വി.അഭിനവ് കൃഷ്ണൻ, കെ.അജിത് തമ്പാൻ എന്നിവർ പ്രസംഗിച്ചു.

https://www.anugrahavision.com/articles/3029



UNVEIL NEWSER 2024 AUG 26

SISCO SCHOOL OF INNOVATIVE SKILLS AND COMPETENCIES

# കലയുടെ മാറ്റുരച്ച് 'പലമ' സ്കൂൾ കലോത്സവം

വേങ്ങശ്ശേരി എൻ.എസ്.എസ്. ഹൈ സ്കൂളിലെ സ്കൂൾ കലോത്സവം 'പലമ'യുടെ ഉദ്ഘാടനം പൂർവ്വ വിദ്യാർഥിയും നബാർഡ് റിട്ട. ജനറൽ മാനേജരുമായ ഡോ. ടി.വിലാസചന്ദ്രൻ നിർവ്വഹിച്ചു. സ്കൂൾ ഡിജിറ്റൽപത്രം 'തൂലിക' ജൂലൈ ലക്കം നബാർഡ് റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ കെ.ഉഷ പ്രകാശനം ചെയ്തു. പി.ടി.എ. പ്രസിഡന്റ് കെ.ഷിജി അധ്യക്ഷയായി. എൻ.എസ്.എസ് ഒറ്റപ്പാലം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം. മോഹനൻ മാസ്റ്റർ മുഖ്യാതിഥിയായിരുന്നു. പ്രധാന അധ്യാപകൻ എം. ശശികുമാർ, വേങ്ങശ്ശേരി സൗഹൃദ കൂട്ടായ്മ പ്രസിഡന്റ് ടി.വിജയനുണ്ണി, എം.പി.ടി.എ. പ്രസിഡന്റ് എൻ.സുജിത, സീനിയർ അസിസ്റ്റന്റ് കെ.കെ രത്നകുമാരി, സ്കൂൾ ലീഡർ കെ.വി അഭിനവ് കൃഷ്ണ, സ്റ്റാഫ് സെക്രട്ടറി കെ. അജിത് തമ്പാൻ എന്നിവർ സംസാരിച്ചു.

https://unveilnewser.com/?p=69530







GK QUIZ
പൊതു വിജ്ഞാനം
പ്രശ്നോത്തരി
ജൂലൈ 2024
ശിവാനി.P.B
സഞ്ജീവ്.T.S
അഭിനന്ദനങ്ങൾ!
എൻ.എസ്.എസ് ഹൈസ്കൂൾ
വേങ്ങശ്ശേരി
അർച്ചന.P


രാമായണം
ക്വിസ്
വിജയികൾ
ഒന്നാം സ്ഥാനം
രണ്ടാം സ്ഥാനം
മൂന്നാം സ്ഥാനം
ആര്യ പ്രകാശ്.k
10-A
ശിവാനി.P.B
8- A
അഞ്ജന കൃഷ്ണൻ
10-A